# പതിനാലാം കേരള നിയമസഭ
# (ഒന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2267** **18/07/2016-ൽ മറുപടിയ്ക്ക്**

<u>മത്സ്യബന്ധനം നടത്തുന്നവർക്ക് പോളപ്പായൽ, ആഫ്രിക്കൽ പായൽ എന്നിവ മൂലമുണ്ടാകുന്ന പ്രയാസങ്ങൾ</u>

<u>ചോദ്യം</u>
ശ്രീ.എം. സ്വരാജ്:

<u>മറുപടി</u>
ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പ് മന്ത്രി):

| | | | |
|---|---|---|---|
| എ) | ഊന്നിവല, നീട്ടുവല എന്നിവ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവർക്ക് പോളപ്പായൽ, ആഫ്രിക്കൽ പായൽ എന്നിവ മൂലമുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) യും ബി) യും | ഉണ്ട് |
| ബി) | ഇതുകാരണം 8 മാസത്തോളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം വരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| സി) | ഇത് പരിഹരിക്കുന്നതിലേക്കായി ഉത്ഭവസ്ഥാനത്ത് വച്ച് തന്നെ ഈ പായലുകൾ നശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ;വിശദാംശം ലഭ്യമാക്കാമോ? | സി) | ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലെ കുട്ടനാട്, വൈക്കം, അമ്പലപ്പുഴ, കണയന്നൂർ, ചേർത്തല താലൂക്കിൽപ്പെട്ട കായലുകളിൽ നിന്നും കുളവാഴയും മറ്റ് ജലോപരിതര സസ്യങ്ങളും പോളവാരൽ യന്ത്രം ഉപയോഗിച്ച് നീക്കം ചെയ്യുന്നതിനും സംസ്ക്കരണം നടത്തുന്നതിനും കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിർമ മുഖേന പദ്ധതി നടപ്പിലാക്കിയിരുന്നു. പദ്ധതി കാലാവധി അവസാനിക്കുകയും ഈ ആവശ്യത്തിന് മറ്റ് ഫണ്ടുകൾ ലഭ്യമാകാതിരിക്കുകയും ചെയ്ത |

| | | |
|---|---|---|
| | | സാഹചര്യത്തിൽ പദ്ധതി അവസാനിപ്പിച്ചിട്ടുള്ളതാണ്. പോളശല്യം ശാശ്വതമായി പരിഹരിക്കുന്നതിന് ഫിഷറീസ് വകുപ്പിന് മാത്രമായി നടപടി സ്വീകരിക്കാൻ കഴിയില്ല. പോളനിർമ്മാർജ്ജനം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വികേന്ദ്രീകൃതമായി മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ നടപടി സ്വീകരിക്കുന്നതായിരിക്കും ഉചിതമെന്ന് കരുതുന്നു. |

**സെക്ഷൻ ഓഫീസർ**